**വളരെ അടിയന്തിരം**

*"ഭരണഭാഷ - മാതൃഭാഷ"*


ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ളക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:04712324951
email: celsgd@gmail.com
website: www.celsgd.com


**E19-9666/2012/CE/LSGD** **Dated 08.11.2017**

# സർക്കുലർ

വിഷയം:- തസ്വഭവ - ജീവനക്കാര്യം-കേരള പി.എസ്.സി ഒന്നാം ഗ്രേഡ് ഓവർസിയർമാരുടെ നിയമന പരിശോധനാ തീയതി അറിയിക്കുന്നത് സംബന്ധിച്ച്.

സൂചന:- കേരള പി.എസ്.സി.എറണാകുളം മേഖലാ ഓഫീസറുടെ 31.10.2017-ലെ REIV (2)1711/11 (5) നമ്പർ കത്ത്

തദ്ദേശ സ്വയംഭരണ വകുപ്പിൽ(എഞ്ചിനീയറിംഗ് വിംഗ്) കേരള പി.എസ്.സി.എറണാകുളം മേഖലാ ഓഫീസ് മുഖേന നിയമിതരായിട്ടുള്ള 24 ഒന്നാം ഗ്രേഡ് ഓവർസിയർമാരുടെ നിയമന പരിശോധനാ തീയതി സൂചന കത്ത് മുഖേന അറിയിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സൂചന കത്തിലെ നിർദ്ദേശാനുസരണം, രേഖകളുമായി നിശ്ചയിച്ചിട്ടുള്ള തീയതിയിൽ വെരിഫിക്കേഷനായി ഹാജരാകേണ്ടതാണ്. സൂചന കത്തിൽ 9,12,14,16 എന്നീ ക്രമ നമ്പറുകളിലായി ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർ അവരവരുടെ പേരിന് നേരെ സൂചിപ്പിച്ചിട്ടുള്ള രേഖകളിലെ ന്യൂനതകൾ പരിഹരിച്ച് സാക്ഷ്യപ്പെടുത്തി നിയമനപരിശോധനാ സമയത്ത് പി.എസ്.സിയിൽ ഹാജരാക്കേണ്ടതാണ്. പ്രസ്തുത രേഖകൾ ഈ ഓഫീസിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ മേലൊപ്പോടുകൂടിയാണ് ഹാജരാക്കേണ്ടത്.

പ്രസ്തുത വിവരം ടി ഉദ്യോഗസ്ഥരെ അറിയിക്കുന്നതിനായി ബന്ധപ്പെട്ട നിയന്ത്രണാധികാരികളെ ഇതിനാൽ ചുമതലപ്പെടുത്തുന്നു.

ഒപ്പ്/-

ചീഫ് എഞ്ചിനീയർ

ഉള്ളടക്കം: സൂചന കത്ത്

*അംഗീകാരത്തോടെ*

*സീനിയർ സൂപ്രണ്ട്*
*(അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ പൂർണ്ണ അധിക ചുമതല)*

പകർപ്പ്: (വെബ്സൈറ്റ് മുഖേന)

1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും നിയന്ത്രണാധികാരികൾക്കും
2. സൂപ്രണ്ടിംഗ് എഞ്ചിനീയർ (ദക്ഷിണമേഖല/ഉത്തരമേഖല)
3. സൂപ്രണ്ടിംഗ് എഞ്ചിനീയർ/ എക്സിക്യൂട്ടീവ് എഞ്ചിനീയർ/ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ/ അസിസ്റ്റന്റ് എഞ്ചിനീയർ, കോർപ്പറേഷൻ/മുനിസിപ്പാലിറ്റി
4. (എക്സിക്യൂട്ടീവ് എഞ്ചിനീയർ എല്ലാ ജില്ലാപഞ്ചായത്തും)
5. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, തസ്വഭവ ഡിവിഷനുകൾ

S1880

Website: www.keralapsc.org
E.Mail: kpsc.psc@kerala.gov.in

Telephone: 0484 – 2317435
Fax: 0484-2314600

14277
07/11/17

# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

## മേഖലാ ആഫീസ്, എറണാകുളം

നമ്പർ: REIV(2)1711/11 (5)

എറണാകുളം,
31.10.2017

Office of the Chief Engineer
3/11/17
L.S.G.D Thiruvananthapuram

പ്രേഷിതൻ

മേഖലാ ആഫീസർ
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
മേഖലാ ആഫീസ്, എറണാകുളം.

സ്വീകർത്താവ്

The Chief Engineer,
Office of the Chief Engineer,
Local Self Government Department
Revenue Complex, ~~III rd Building~~
Public Office Building
Thiruvananthapuram -33,

വിഷയം: കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മേഖലാ ആഫീസ്, എറണാകുളം സർവ്വീസ് വെരിഫിക്കേഷൻ – സംബന്ധിച്ച്.

സൂചന:- 05.10.2017 തീയതിയിലെ താങ്കളുടെ E19/9666/2012/സിഇ /തസ്വഭവ നംപർ കത്ത്

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു.

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റീജിയണൽ ആഫീസ്, എറണാകുളം മുഖേന നിയമനം ലഭിച്ച താങ്കളുടെ ഓഫീസിലെ താഴെചേർക്കുന്ന ജീവനക്കാരുടെ നിയമന പരിശോധന 16.11.2017 രാവിലെ 09.30 ന് എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷൻ കിഴക്കേകവാടത്തിൽ പ്രവർത്തിക്കുന്ന പി.എസ്.സി. മേഖലാ ഓഫീസിൽ വച്ച് (നാലാം നില) നടത്തുന്നതാണ്.

E1

| Sl.No. | Name & Designation | Remarks |
|---|---|---|
| 1 | Smt. Liji V S.,<br>1st Grade Overseer | |
| 2 | Smt. Sunitha R S<br>1st Grade Overseer | |
| 3 | Sri. Ratheesh T S<br>1st Grade Overseer | |
| 4 | Smt. Sajitha M<br>1st Grade Overseer | |
| 5 | Smt. Manju Manoharan K<br>1st Grade Overseer | |
| 6 | Sri. Rangaswamy L<br>1st Grade Overseer | |
| 7 | Smt. Shruthi K M<br>1st Grade Overseer | |
| 8 | Sri. Rakhesh P R<br>1st Grade Overseer | |

| | | |
|---|---|---|
| 9 | Sri. Haridas R<br>1st Grade Overseer | Should produce copy of concerned page of Service Book on which entry regarding appointment to the post of Overseer Gr.I is made. |
| 10 | Sri. Hamza Srambikkal<br>1st Grade Overseer | |
| 11 | Smt. Sini V S<br>1st Grade Overseer | |
| 12 | Smt. Arunima R T<br>1st Grade Overseer | Date of joining to be written on Service Book -Page 4 |
| 13 | Sri. Laji H<br>1st Grade Overseer | |
| 14 | Sri. Alishan M I<br>1st Grade Overseer | Name of post should be written on Service Book -Page 4 |
| 15 | Sri. Bimon P Baby<br>1st Grade Overseer | |
| 16 | Smt. Shyni G P<br>1st Grade Overseer | Photo on Service Book , Page 1 should be attested. |
| 17 | Smt. Smija K M<br>1st Grade Overseer | |
| 18 | Smt. Asha Jose K<br>1st Grade Overseer | |
| 19 | Smt. Sangeetha R<br>1st Grade Overseer | |
| 20 | Smt. Manjusha V<br>1st Grade Overseer | |
| 21 | Smt. Nitha I P<br>1st Grade Overseer | |
| 22 | Smt. Stine P J<br>1st Grade Overseer | |
| 23 | Sri. Harisankar M<br>1st Grade Overseer | |
| 24 | Smt. Rehana K R<br>1st Grade Overseer | |

മേൽ സൂചിപ്പിച്ച ഉദ്യോഗസ്ഥർ നിയമന പരിശോധന സമയത്ത് നിയമനം സംബന്ധിച്ച Appointment Order, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അനുവദിച്ചിരിക്കുന്ന ഏതെങ്കിലും ഒരു തിരിച്ചറിയൽ രേഖ (Original & copy) എന്നിവ സഹിതം ഹാജരാകേണ്ടതാണ്.

NB:-സർവ്വീസ് വെരിഫിക്കേഷനായി താങ്കൾ അയച്ചിരിക്കുന്ന രേഖകൾ താഴെപ്പറയുന്ന പ്രകാരമല്ലെങ്കിൽ ആയത് രേഖപ്പെടുത്തി ( നിയമനാധികാരി സാക്ഷ്യപ്പെടുത്തിയ) പകർപ്പ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വശം കൊടുത്തയക്കേണ്ടതാണ്.

1) സർവ്വീസ് ബുക്കിലെ പേജ് 1 ലെ ഫോട്ടോ സാക്ഷ്യപ്പെടുത്തിയിരിക്കണം. രേഖപ്പെടുത്തിയിരിക്കുന്ന മേൽവിലാസം നിയമന ശിപാർശക്കത്തിലേത് തന്നെയാണെന്ന് ഉറപ്പുവരുത്തണം. അല്ലാത്തപക്ഷം ആയത് തെളിയിക്കുന്ന രേഖ, പകർപ്പ് എന്നിവ ഹാജരാക്കണം.

2) സർവ്വീസ് ബുക്കിലെ പേജ് 2 ൽ 2 ഐഡന്റിഫിക്കേഷൻ മാർക്ക് രേഖപ്പെടുത്തിയിരിക്കണം.

3) സർവ്വീസ് ബുക്കിലെ പേജ് 3 ൽ വിരലടയാളം, ഒപ്പ് എന്നിവ രേഖപ്പെടുത്തിയിരിക്കണം.

4) സർവ്വീസ് ബുക്കിലെ പേജ് 4 ൽ details of first appointment, ഉദ്യോഗപ്പേര്, നിയമന ശിപാർശ ചെയ്ത ഓഫീസിന്റെ പേര്, നിയമന ശിപാർശക്കത്തിന്റെ നംപർ, തീയതി, നിയമന ഉത്തരവിന്റെ നംപർ, തീയതി, ജോലിയിൽ പ്രവേശിച്ച തീയതി,date of superannuation എന്നിവ കൃത്യമായും വ്യക്തമായും രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

5) മറ്റ് വകുപ്പുകളിൽ Prior service ഉള്ള ജീവനക്കാർ സർവ്വീസ് ബുക്കിലെ പേജ് 15 ന്റെ പകർപ്പുകൂടി ഹാജരാക്കേണ്ടതാണ്. Prior service സംബന്ധിച്ച സർവ്വീസ് വേരിഫിക്കേഷൻ പൂർത്തിയാക്കിയിട്ടുള്ള ഉദ്യോഗസ്ഥരുടെ സർവ്വീസ് വേരിഫിക്കേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പുകൂടി ഹാജരാക്കേണ്ടതാണ്. തിരിച്ചറിയൽ പത്രികയ്ക്കു പകരം വൺടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഉള്ള ജീവനക്കാരുടെ വൺടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി (അസ്സൽ) ഹാജരാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

മേഖലാ ആഫീസർ,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
മേഖലാ ആഫീസ്, എറണാകുളം.

scx/ /10/2017